# ഉണർവ്

# 2025-26

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. ഡി. വി. എൽ. പി. എസ് കുന്നന്താനം. |
| വിദ്യാഭ്യാസ ഉപജില്ല | : | മല്ലപ്പള്ളി |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| സ്കൂൾ കോഡ് | : | 37504 |
| മേൽവിലാസം | : | മാന്താനം പി. ഒ. കുന്നന്താനം |
| പിൻകോഡ് | : | 689581 |
| ഇ-മെയിൽ അഡ്രസ് | : | gdvlps28@gmail.com. |
| ഗ്രാമ പഞ്ചായത്ത് | : | കുന്നന്താനം |
| ക്ലാസുകൾ | : | 1 മുതൽ 4 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠനമാധ്യമം. | : | മലയാളം. |

# ആമുഖം

## വിദ്യാലയത്തിന്റെ സ്ഥാനം:

കുന്നത്താനം പഞ്ചായത്തിൽ 1-ാം വാർഡിൽ മാന്താനം ജംഗ്ഷനിൽ നിന്ന് ഒരു കിലോമീറ്റർ കിഴക്കോട്ടുമാറി മാന്താനം പരുത്തിമറ്റം റോഡരി-കിലായി ഇരുപ്പുരക്കൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

## വിദ്യാലയ ചരിത്രം സംക്ഷിപ്തം

ശ്രീമാൻ തൈക്കൂട്ട് കൃഷ്ണപിള്ള കുടിപ്പള്ളിക്കൂടമായി ആരംഭിച്ച വിദ്യാലയമാണ് 1928-ൽ അന്നത്തെ പ്രഭുവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ ഉത്തരവ് പ്രകാരം കുന്നത്താനം ദേവിവിലാസം ലോവർ പ്രൈമറി സ്കൂളായി മാറിയത്. ഈ സ്കൂളിന്റെ ആദ്യ വിദ്യാർത്ഥിയും മാനേജരുമായിരുന്ന അദ്ദേഹം 25 സെന്റ് സ്ഥലം സൗജന്യമായി കൊടുത്തു. അതു-കൂടാതെ ആവശ്യത്തിനുള്ള സ്ഥലം സർക്കാരിന് പിന്നീട് സറണ്ടർ ചെയ്തു കൊടുക്കുകയും ചെയ്തു. ഈ നാട്ടിലെ കുട്ടികൾക്ക് അക്ഷരം പഠിക്കാൻ മറ്റ് സൗകര്യങ്ങൾ ഇല്ലാതിരുന്ന

ഇങ്ങനെയൊരു സ്ഥാപനം തുടങ്ങാൻ അദ്ദേഹത്തിന് പ്രേരണയായി.

## SMC ഭാരവാഹികൾ

SMC പ്രസിഡന്റ് : ശ്രീമതി അമല ബാലൻ

വൈസ് പ്രസിഡന്റ് : ശ്രീമതി അഞ്ജു P. രവി.

## SSG ഭാരവാഹികൾ

പ്രസിഡന്റ് : ശ്രീ. രമേശ് ബാബു.

## മാതൃസമിതി (MPTA)

പ്രസിഡന്റ് : ശ്രീമതി ബിന്ദുമോൾ K.O

വൈസ് പ്രസിഡന്റ് : ശ്രീമതി മായ

## ഉച്ചഭക്ഷണ കമ്മറ്റി

ചെയർമാൻ : ശ്രീമതി അമല ബാലൻ

കൺവീനർ : ശ്രീമതി ഉമാദേവി A.S (HM)

## പ്രാദേശിക വിഭവങ്ങൾ

സാമൂഹിക സേവന സംഘടനകൾ
ലൈബ്രറി, വ്യക്തികൾ, പഞ്ചായത്ത്,
ഹെൽത്ത് സെന്റർ

## നേട്ടങ്ങൾ

2023-24 ൽ LSS സ്കോളർഷിപ്പ് ലഭിച്ചിരുന്നു. ശാസ്ത്രമേള, സാമൂഹ്യശാസ്ത്ര മേള, ഗണിതമേള, കലാമേള, അക്ഷരമുറ്റം എന്നിവയിൽ കുട്ടികൾക്ക് മികവു പുലർത്താനായി. സ്കൂൾ ലൈബ്രറിയും, ക്ലാസ് ലൈബ്രറിയും (എല്ലാ ആഴ്ചയിലും) ഉപയോഗിക്കുന്നു. പത്രവാർത്ത എഴുതുന്നു, പൊതു വിജ്ഞാനം അസംബ്ലിയിൽ ചോദിക്കുന്നു. അടുക്കളത്തോട്ടം, പൂന്തോട്ട നിർമ്മാണം, ബോധവത്കരണ ക്ലാസുകൾ, ശുചീകരണ പ്രവർത്തനങ്ങൾ.

## SMC

സ്കൂൾ പ്രവർത്തനങ്ങളിൽ PTAയുടെ സജീവ സാന്നിധ്യം ഉണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ ഉച്ചഭക്ഷണം വെക്കുന്നത് ഇവയിൽ സഹകരിച്ച് ചെയ്യുന്നു.

## ഭൗതികം

ശിശുസൗഹൃദ വിദ്യാലയം, ക്ലാസ് മുറി ശുചിത്വമുള്ള പരിസരം, വിശാലമായ ഭക്ഷണമുറി വൃത്തിയുള്ള സ്ഥലത്ത് പാചകം ചെയ്യുന്നു വൃത്തിയുള്ള ശൗചാലയം, കമ്പ്യൂട്ടർ ക്ലാസ്റൂം ഇവ ഈ സ്കൂളിന്റെ

പ്രത്യേകതകളാണ്'

## ക്ലബ് പ്രവർത്തനങ്ങൾ

സയൻസ് ക്ലബ്, ഗണിതക്ലബ് സാഹിത്യ, ക്ലബ് വിദ്യാരംഗം ഇവ സജീവമായി പ്രവർത്തിക്കുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

ഈ വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിപക്ഷവും സാമ്പത്തികവും സാമൂഹ്യമായും പിന്നാക്കാവസ്ഥയിൽ നിന്നും വരുന്നവരാണ്. ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ ജലലഭ്യത കുറവാണ്.

## ഭാവി ലക്ഷ്യങ്ങൾ

- ഈ സ്കൂളിൽ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക.
- പരിസര പഠനത്തിലും ഗണിതത്തിലും താല്പര്യമുള്ളവരും അടിസ്ഥാന അറിവുള്ളവരുമാക്കുക.

⇒ ഈ സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പാക്കുക.

⇒ കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ

⇒ ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

⇒ കുട്ടികളുടെ ആരോഗ്യ മാനസിക വളർച്ചക്കാവശ്യമായ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക.

⇒ പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.

⇒ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കുക.

⇒ കാർഷിക സംസ്കാരം വളർത്തുക.

## അധ്യാപകർ

HM - ശ്രീമതി ഉമാദേവി എ. എസ്

LPSA - ശ്രീമതി ശ്രീനുകുമാരി .വി

LPST - ശ്രീ ഫ്രെഡി ഫേക്ക്

LPST - ശ്രീമതി ആതിര രാജു.

## അനധ്യാപകർ

PTCM ശ്രീമതി സോഫി ജോർജ്

Noon Meal ശ്രീമതി . സജിനി

## പ്രീ-പ്രൈമറി വിഭാഗം

Teacher - ശ്രീമതി ലതികാ ശ്രീകുമാർ
Helper - ശ്രീമതി ജയലക്ഷ്മി.

### അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

* ഭാഷാശേഷി വികാസനം.
* ഗണിത ശേഷി വികസനം
* വായനാശേഷി വർദ്ധിപ്പിക്കൽ
* ലൈബ്രറി ശാക്തീകരണം
* ജൈവ വൈവിധ്യപാർക്ക് ഒരുക്കൽ
* പച്ചക്കറിത്തോട്ടം
* സ്കൂൾ പത്രം, ക്ലാസ് പത്രം, മാസിക
* സർഗോത്സവം/ഷിപ്പ് പരിശീലനം
* ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
* ശാസ്ത്രമേളകൾ, കലാമേളകൾ
* വിനോദയാത്രകൾ

# ഉപമേഖല - മലയാളം

## പ്രവർത്തനം / ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും മലയാളം അനായാസമായി വായിക്കാനും എഴുതാനും ~~[illegible]~~ പ്രാപ്തരാക്കുക ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | **നിറവ് - പഠന - പോഷണ പരിപാടി**<br>*അക്ഷര ഉറപ്പിക്കൽ<br>*പദം ഉറപ്പിക്കൽ<br>*പദ നിർമ്മാണം<br>*വാക്യ നിർമ്മാണം<br>*ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | വർഷം മുഴുവൻ | അധ്യാപകർക്ക്. | |
| എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക. | **വായനയുടെ വസന്തം**<br>*വായനക്കാർഡുകൾ ബാലസാഹിത്യകൃതികൾ രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി വിതരണം ചെയ്യുക.<br>* രക്ഷിതാക്കളിൽ നിന്നും വായിച്ചറിഞ്ഞ കഥ കുട്ടികൾ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സർഗവേദികളിൽ അവതരിപ്പിക്കുന്നു<br>* വിജ്ഞാനമൂല്യവും കുട്ടികളുടെ വായനയുടെ വളർച്ച രക്ഷിതാക്കളുടെ യോഗത്തിൽ വിലയിരുത്തുന്നു. വായന തെളിവ് ശേഖരിക്കുന്നു.<br>* വർഷാവസാനം കുട്ടികളുടെ സർഗാത്മകമായ കഴിവുകളുടെ തെളിവ് വായനയുടെ വസന്തം എന്ന പേരിൽ പ്രകാശനം ചെയ്യുന്നു. | വർഷം മുഴുവൻ | അധ്യാപകർക്ക്. | |

# ഉപമേഖല - പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അറിവിന്റെ ലോകത്തിലേക്ക് നയിക്കുക.<br>* പൊതുവിജ്ഞാനം ആർജ്ജിക്കുക. | ~~ആനു~~<br>**വായനയുടെ വാതായനങ്ങൾ തേടി**<br>ആനുകാലിക സംഭവങ്ങൾ പത്രമാധ്യമങ്ങൾ, റേഡിയോ മുതിർന്നവർ എന്നിവിടങ്ങളിൽ നിന്നെല്ലാം ശേഖരിച്ചുകൊണ്ടുവരുകയും ക്ലാസ്മുറിയിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഉച്ചയ്ക്ക് ശേഷം 1.30 മുതൽ 2.15 വരെയുള്ള സമയം ഇതിനായി നീക്കിവയ്ക്കുകയും ചെയ്യുന്നു. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മുതിർന്ന കുട്ടികൾ വായിക്കുന്നതും പറയുന്നതും കേൾക്കാൻ അവസരം ഒരുക്കുന്നു.<br>→ ഓരോ ആഴ്ചയും ഓരോ അധ്യാപകർക്കും പ്രവർത്തന ചുമതല കൊടുക്കുന്നു. ഓരോ ദിവസവും കണ്ടെത്തിയ | വർഷം മുഴുവൻ | അധ്യാപകർ, രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | അറിവുകൾ വാർത്താ-ബോർഡിൽ പ്രദർശിപ്പി-ക്കുന്നു. കുട്ടികൾ വായി-ക്കുകയും എഴുതിയെടു-ക്കുകയും ചെയ്യുന്നു.<br>→ എല്ലാ ആഴ്ചകളിലും Oral quiz നടത്തുകയും വിജയികൾക്ക് അനുമോദനങ്ങൾ നൽകുകയും ചെയ്യുന്നു.<br>→ മാസാവസാനം ഒരു മാസത്തെ ചോദ്യങ്ങൾ ഉൾപ്പെടുത്തി quiz മത്സരം നടത്തുന്നു.<br>→ വർഷാവസാനം നേടിയ അറിവുകളുടെ തെളിവ് ചാർട്ടുകളുടെയും രക്ഷിതാക്കളുടെയും മുമ്പിൽ പ്രദർശിപ്പിക്കുന്നു. | [illegible] | [illegible] | |

## ക്വിസ്സ് പ്രോഗ്രാം

ഉദ്ദേശ്യം :- * പൊതുവിജ്ഞാനം ഓരോ ക്ലാസിലെയും കുട്ടികൾക്ക് വേണ്ടതിലധികം ലഭിക്കുന്നതിനാവശ്യമായ അടിസ്ഥാനം ഒരുക്കൽ

* പത്ര വായനയിൽ വിദ്യാർത്ഥികൾക്ക് താൽപര്യം ജനിപ്പിക്കൽ.

| പ്രവർത്തനങ്ങൾ | പ്രവർത്തനത്തിന്റെ കാലയളവ് | | ചുമതല |
|---|---|---|---|
| അറിവരങ്ങ് | ചിന്താ പ്രാധാന്യം നൽകുന്ന ചോദ്യങ്ങളുടെ ഉത്തരം പരിശോധിച്ച് വാരാന്ത്യ ക്വിസ്, മെഗാ ക്വിസ് എന്നിവ സംഘടിപ്പിക്കൽ | ആഗസ്റ്റ് മുതൽ | അധ്യാപകർ |
| പത്രവായനയെ അടിസ്ഥാനമാക്കി ക്വിസ് | 1 മുതൽ 4 വരെ ക്ലാസുകളിൽ വിവിധ തലങ്ങളിലായി ക്വിസ് | | അധ്യാപകർ |
| ദിനാചരണ ക്വിസ് | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. | | വിവിധ ക്ലബുകൾ |

ഉദ്ദേശ്യം :- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പഠന സന്ദർഭങ്ങൾ സൃഷ്ടിക്കുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ്, ചുമതല |
|---|---|---|
| റീഡിംഗ് കോർണർ | എല്ലാ ക്ലാസ്സുകളിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ബാലമാസികകൾ എന്നിവ ശേഖരിച്ച് വായനമൂല ഒരുക്കൽ | |
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം വിദഗ്ദരായ ~~ഇംഗ്ലീഷ്~~ അധ്യാപകരെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കൽ. | |
| പതിപ്പ് നിർമ്മാണം | ഇംഗ്ലീഷ് രചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമ്മാണം | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വർഷാവസാനം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ | |

## ഗണിതം മധുരം

**ഉദ്ദേശ്യം:-** ഗണിതം എളുപ്പവും ആകർഷണീയവുമാക്കുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|
| ശില്പശാല | ഗണിതാശയങ്ങളിൽ ഉറച്ച നിർമാണത്തിന് സഹായം നൽകുന്ന ശില്പശാല. | സെപ്റ്റംബർ മാസം അധ്യാപകർ PTA | |
| ഗണിതമേള | ഗണിത ശാസ്ത്ര മേളയിലെ ഇനങ്ങൾ ക്ലാസ്സ് തലത്തിൽ പരിചയപ്പെടുത്തൽ ക്ലാസ്സുകൾ | | |

## ഹരിത വിദ്യാലയം

**ഉദ്ദേശ്യം:** സ്കൂൾ പരിസരം ഭംഗിയാക്കുന്നതിന്, പ്രകൃതി സംരക്ഷിക്കാം, കൃഷിയോടുള്ള മനോഭാവം വളർത്തൽ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലക്രമം ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|
| ഹരിതവൽക്കരണം | ഔഷധതൈകൾ വച്ചുപിടിപ്പിക്കൽ | ജൂൺ 5 ഇക്കോ ക്ലബ്ബ് | [illegible] |
| പൂന്തോട്ടനിർമ്മാണം | പൂന്തോട്ടം നിർമ്മിക്കൽ. | | |
| പച്ചക്കറിത്തോട്ട നിർമ്മാണം | ജൈവ പച്ചക്കറി കൃഷി | ആഗസ്റ്റ് മുതൽ | |

## വിജ്ഞാനം വിരൽത്തുമ്പിൽ

മേഖല : വിവരസാങ്കേതിക വിദ്യ

ഉദ്ദേശ്യം : എല്ലാ കുട്ടികളെയും ഐ.ടി. സാക്ഷരരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം, ചുമതല |
|---|---|---|
| എല്ലാ കുട്ടികളെയും ഐ.ടി സാക്ഷരരാക്കുക. | ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ കണ്ടെത്തൽ, ഐ.ടി പാഠപുസ്തക കവിതകളിലൂടെ എല്ലാ അദ്ധ്യാപകരും. | അധ്യാപകർ |

UMADEVI A. S.
PEN NO. 221615
HEADMISTRESS
GDVLPS KUNNAMTHANAM

KUNNAMTHANAM